(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

3 [*68] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :

ശ്രീ. സാജു പോൾ :

„ പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അണക്കെട്ടുകളുടെ ചോർച്ചയും, ഷട്ടറുകൾ പ്രവർത്തനക്ഷമമല്ലാതായിത്തീർന്നിട്ടുള്ളതും, സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ഡാമുകളാണ് ഗുരുതരമായ തകരാറുകളിൽ ആയിട്ടുള്ളത് എന്നും സംഭരണശേഷിക്ക് അനുസൃതമായി വെള്ളം ശേഖരിക്കാൻ കഴിയാത്ത നിലയിലായിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനതല ഡാം സേഫ്റ്റി കമ്മിറ്റി ഏതെല്ലാം ഡാമുകളുടെ സ്ഥിതിയെക്കുറിച്ചാണ് സർക്കാരിനെ ആശങ്ക അറിയിച്ചിട്ടുള്ളത്; ഡാം സേഫ്റ്റി കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമായിരുന്നു;

(ഡി) കഴിഞ്ഞ കാലവർഷത്തിന് മുൻപ് ഡാമുകളുടെ പരിശോധന നടത്തുകയുണ്ടായോ; വിശദാംശം വെളിപ്പെടുത്താമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് ജലസേചന വകുപ്പിന് കീഴിലുള്ള അണക്കെട്ടുകളിലൊന്നിലും സുരക്ഷയ്ക്ക് ഭീഷണിയാകുന്ന രീതിയിലുള്ള ചോർച്ച ഉണ്ടായിട്ടില്ല. ചില ഡാമുകളിലെ ഷട്ടറുകൾ പ്രവർത്തനക്ഷമമല്ലാതായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളിലൊന്നും ഗുരുതരമായ തകരാറുകളില്ല. കുറ്റ്യാടി, കാഞ്ഞിരപ്പുഴ ഡാമുകളിലൊഴികെ മറ്റെല്ലാ ഡാമുകളിലും സംഭരണശേഷിക്ക് അനുസൃതമായി ജലം ശേഖരിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ഒരു ഡാമിനെക്കുറിച്ചും ഡാം സുരക്ഷാ സമിതി ആശങ്ക അറിയിച്ചിട്ടില്ല. സംസ്ഥാനതല അണക്കെട്ട് സുരക്ഷാ സമിതി ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകൾ കാലാകാലങ്ങളിൽ പരിശോധിച്ച് ആവശ്യമായ അറ്റകുറ്റപ്പണികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു.

സാധാരണയായി ഡാമുകളിൽ കണ്ടുവരുന്ന തകരാറുകൾ താഴെ പറയുന്നവയാണ്:

(i) ഫേസ് ഡ്രെയ്നേജ് ഹോളുകൾ അടയുക.

(ii) ഫൗണ്ടേഷൻ പ്രഷർ റിലീസിംഗ് ഹോളുകൾ അടയുക.

LIBRARY ARCHIVES Kerala Legislative Assembly

(iii) സ്പിൽവേ ഗേറ്റ്, എമർജൻസി ഗേറ്റുകൾ എന്നിവയിൽ കാലാകാലങ്ങളിൽ ഗ്രീസും മറ്റും അടിക്കാതെ ഇരിക്കുക.

(iv) എർത്ത് ഡാമിന്റെ രണ്ടുഭാഗങ്ങളിലും (അപ്പസ്ട്രീം, ഡൗൺസ്ട്രീം) കുറ്റിക്കാടുകളും മറ്റും വളരുക എന്നിവയാണ്.

(ഡി) കഴിഞ്ഞ കാലവർഷത്തിന് മുൻപ് ഡാമുകളുടെ പരിശോധന നടത്തുകയുണ്ടായി. സംസ്ഥാനതല അണക്കെട്ട് സുരക്ഷാസമിതിയും, അണക്കെട്ട് സുരക്ഷാ ഓർഗനൈസേഷനും കാഞ്ഞിരപ്പുഴ, ശിരുവാണി, മീങ്കര, ചുള്ളിയാർ, വാഴാനി, കുറ്റ്യാടി എന്നീ ഡാമുകൾ പരിശോധിക്കുകയും അറ്റകുറ്റപ്പണികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. മറ്റു ഡാമുകളിൽ കാര്യമായ തകരാറുകൾ ഒന്നുംതന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

കാഞ്ഞിരപ്പുഴ ഡാമിൽ ചോർച്ച തടയുന്നതിനായി പുതിയ ഡ്രെയ്നേജ് ഹോളുകൾ ഡ്രില്ല് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു, അതിന്റെ പണി നടന്നുവരുന്നു. എർത്ത് ഡാമിന്റെ പുനർ നിർമ്മാണം പറഞ്ഞതിൻപ്രകാരം പൂർത്തീകരിച്ചു. മറ്റ് അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം പദ്ധതി ഉദ്യോഗസ്ഥർ ചെയ്തുവരുന്നു.

ശിരുവാണി ഡാമിൽ സ്പീപ്പേജ് കണ്ടെത്തി അത് പരിഹരിക്കുന്നതിന് തുടർച്ചയായ ഗ്രൗട്ടിംഗ് നിർദ്ദേശിച്ചു. അപ്രകാരം ഗ്രൗട്ടിംഗ് ചെയ്തുവരുന്നു.

മീങ്കര ഡാമിൽ മേസൺറി ഡാമും, എർത്ത് ഡാമും ചേരുന്ന ഭാഗത്ത് ചെറിയ വിള്ളൽ കണ്ടെത്തി. അതിന്റെ അവസ്ഥ സൂക്ഷ്മമായി പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എർത്ത് ഡാമിന്റെ രണ്ട് ഭാഗത്തും (അപ്സ്ട്രീം, ഡൗൺസ്ട്രീം) ഉള്ള കുറ്റിക്കാടുകൾ പൂർണ്ണമായും നീക്കം ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ചുള്ളിയാറിൽ എർത്ത് ഡാമിലുള്ള കുറ്റിക്കാടുകൾ നീക്കം ചെയ്യാൻ നിർദ്ദേശിച്ചു.

വാഴാനി ഡാമിൽ ടോ ഡ്രെയിനിന്റെ പണി നിർദ്ദേശിച്ചു. അത് പൂർത്തീകരിച്ചു.

കുറ്റ്യാടി ഡാമിൽ സ്പീപ്പേജ് തടയുന്നതിനായി ഗ്രൗട്ടിംഗ്, എർത്ത് ഡാമിന്റെ അറ്റകുറ്റപ്പണികൾ, ഡാമിന്റെ വൈദ്യുതീകരണം, ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ എന്നിവ നിർദ്ദേശിച്ച പ്രകാരം ചെയ്തുവരുന്നു.

ഗുണനിലവാരമില്ലാത്ത മിനറൽ വാട്ടർ വിൽക്കുന്നതിനെതിരെ നടപടി

4 [*69] ശ്രീ. തോമസ് ചാഴികാടൻ :

„ കെ. നാരായണക്കുറുപ്പ് :

„ റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിനറൽ വാട്ടർ എന്ന പേരിൽ ഗുണനിലവാരമില്ലാത്ത വെള്ളം സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly